കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഉളിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.4/1635/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി: 05-10-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

ഉളിക്കൽ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: ഉളിക്കൽ ഗ്രാമപഞ്ചായത്ത്-2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്‌രാജ് പരിശോധനാ രീതിയും ഓഡറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (e-mail)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം)

3. കാര്യാലയ പ്രതി.

..

നം.കെ.എസ്.എ/കെ.എൻ.ആർ/സി.4/1635/2017.

തീയ്യതി:05-10-2017.

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17
സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത്രാജ് നിയമം വകുപ്പ് 215 (4), 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

ആമുഖം

ഉളിക്കൽ ഗ്രാമപഞ്ചായത്ത് 23-11-2016 മുതൽ 31-03-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ജോൺ മനോഹർ. എ, ഡെപ്യൂട്ടി ഡയറക്ടർ. |

..

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 13-09-2017 മുതൽ | ശ്രീ.സി.വി.ജ്യോതിഷ്കുമാർ | ഓഡിറ്റ് ഓഫിസർ |

| | | |
|---|---|---|
| 28-09-2017 വരെ | ശ്രീ. ഷൈജു മാത്യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷേർലി അലക്സാണ്ടർ | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.ബി.കെ.കേശവ | 01-04-2016 മുതൽ 31-03-2017 വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുരേഷ് ബാബു.കെ. | 01-04-2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കലേഷ്.കെ. | 01-04-2016 മുതൽ 31-07-2016 വരെ |
| | ശ്രീമതി.ധന്യ.യു.കെ. | 01-08-2016 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.നവാസ്.ഡി. | 01-04-2016 മുതൽ 19-06-2016 വരെ |
| | ശ്രീ.വിനീഷ് കുമാർ. കെ.വി. | 20-06-2016 മുതൽ 01-02-2017 വരെ |
| | ശ്രീ.രഞ്ചു.ആർ. | 02-02-2017 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ.,നച്ച്യാട് | ശ്രീ.അനീഷ്.കെ. | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.മുംതാസ്.ടി.വി. | 01-04-2016 മുതൽ 23-09-2016 വരെ |
| | ഡോ.പ്രശാന്ത്.പി.വി. | 24-09-2016 മുതൽ 16-11-2016 വരെ |
| | ഡോ.സെറിൻ.ടി. ചാക്കോച്ചൻ | 17-11-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (GAD) | ഡോ.എബി അബ്രഹാം | 01-04-2016 മുതൽ 25-04-2016 വരെ |

| | | |
|---|---|---|
| | ഡോ.ജയറാണി.പി. | 26-04-2016 മുതൽ 31-01-2017 വരെ |
| | ഡോ.രഞ്ചിത്ത്.എൻ.നമ്പൂതിരി | 01-02-2017 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (GHD) | ഡോ.നിഷ. പി. | 01-04-2016 മുതൽ 31-03-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. അനിത. കെ. | 01-04-2016 മുതൽ 31-03-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.മേരി മാത്യൂ | 01-04-2016 മുതൽ 31-05-2016 വരെ |
| | ശ്രീമതി.ബീന.ടി.എം. | 01-06-2016 മുതൽ 12-06-2016 വരെ |
| | ശ്രീ.ഉസ്മാൻ പള്ളിപ്പാത്ത് | 13-06-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.മണിമോഹൻ | 01-04-2016 മുതൽ 31-03-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രാജി.എസ്.മോനി | 01-04-2016 മുതൽ 31-03-2017 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 –പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | സംയുക്ത പ്രോജക്ടുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല | 1-11 | |
| ഭാഗം 2 –വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | രശീതി ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 2-1 | |
| 13 | കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നില്ല- വസ്തുനികുതിയിനത്തിൽ ₹15,183 യുടെ നഷ്ടം | 2-2 | |
| 14 | കംപ്ലീഷൻ പ്ലാൻ അനുസരിച്ചുള്ള വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല –₹22,071 നഷ്ടം | 2-3 | |
| ഭാഗം 3 - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 15 | വിരമിച്ച അദ്ധ്യാപകർക്ക് യാത്രയയപ്പ് നൽകിയത് ₹9400 യുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-1 | |
| 16 | മഴക്കാല പൂർവ്വ ശുചീകരണം. തുക പണമായി നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധം | 3-2 | |
| 17 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ₹101260 യുടെ മരുന്ന് ലഭിച്ചിട്ടില്ല | 3-3 | |
| 18 | പാലിയേറ്റീവ് കെയർ പ്രൊജക്റ്റ് -ഉപകരണങ്ങൾ മുഴുവനും ലഭ്യമായില്ല ₹75,060 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 | |

| | | | |
|---|---|---|---|
| 19 | കയനി അംഗൻവാടിക്ക് കുഴൽകിണർ - നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടില്ല. ₹56,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 | |
| 20 | വൈദ്യുതി ലൈൻ വലിക്കൽ പ്രവൃത്തികൾ പൂർത്തിയായതിന്റെ വിവരം ലഭ്യമല്ല | 3-6 | |
| 21 | അതുല്യം സാക്ഷരതാ പരിപാടിയും തൊഴിൽ പരിശീലനവും ₹10400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-7 | |
| 22 | വിദ്യാഭ്യാസ രംഗത്തെ പ്രോജക്റ്റുകൾ സമഗ്രമായി രൂപീകരിക്കപ്പെടുകയോ വിലയിരുത്തപ്പെടുകയോ ചെയ്യപ്പെടുന്നില്ല | 3-8 | |
| 23 | IKM-ന് 2015-16, 2016-17 വർഷങ്ങളിലെ പഞ്ചായത്ത് വിഹിതം നൽകൽ - തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല | 3-9 | |
| 24 | തെരുവു നായകളുടെ പ്രജനന നിയന്ത്രണം - കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-10 | |
| 25 | സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന –കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല | 3-11 | |
| 26 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല | 3-12 | |
| 27 | ഗുണഭോക്തൃ കമ്മിറ്റി മുഖേന നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ചെലവു രേഖകൾ കൺവീനർ ലഭ്യമാക്കിയിട്ടില്ല ₹ 13,64,187 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-13 | |
| ഭാഗം 4 –പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 28 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധങ്ങൾ | | | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 | |
| 34 | റെസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 | |
| 35 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 | |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17-ലെ ബജറ്റ് 27-02-2016-ലെ 20/2016-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 25-03-2017-ലെ 22/17-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് (₹) | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് (₹) | വാർഷിക കണക്ക് പ്രകാരമുള്ളത് (₹) |
|---|---|---|---|
| മുന്നിരിപ്പ് | 13,63,659 | 1,36,40,900 | 1,28,63,067 |
| വരവ് | 14,91,09,000 | 16,97,38,909 | 7,37,50,286 |
| ആകെ | 15,04,72,659 | 18,33,79,809 | 8,66,13,353 |
| ചെലവ് | 14,90,30,900 | 18,22,26,788 | 7,09,88,012 |
| നീക്കിയിരിപ്പ് | 14,41,759 | 11,53,021 | 1,56,25,341 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 20-6-2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2016-17 | 26-08-2017 | വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരമുള്ള അപാകതയുണ്ട്.

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തി വിവരത്തിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 1,28,63,067 |
| വരവ് | 7,37,50,286 |
| ആകെ | 8,66,13,353 |
| ചെലവ് | 7,09,88,012 |
| നീക്കിയിരിപ്പ് | 1,56,25,341 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | തൻവർഷത്തെ അലോട്ട്മെന്റ് തുക (₹) | ആകെ (₹) | ചെലവ് (₹) | ചെലവഴിക്കാത്ത തുക (₹) | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | ഇല്ല | 1,79,98,977 | 1,79,98,977 | 1,63,31,756 | 16,67,221 | 90.73 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | ഇല്ല | 32,65,941 | 32,65,941 | 31,69,699 | 96,242 | 97.05 |
| വികസന ഫണ്ട് (ടി.എസ്.പി) | ഇല്ല | 14,41,041 | 14,41,041 | 14,23,861 | 17,180 | 98.81 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | ഇല്ല | 91,16,727 | 91,16,727 | 76,47,731 | 14,68,996 | 83.89 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | ഇല്ല | 48,26,502 | 48,26,502 | 46,41,938 | 1,84,564 | 96.18 |
| ധനകാര്യ കമ്മീഷൻ അവാർഡ് | ഇല്ല | 1,00,94,123 | 1,00,94,123 | 85,57,190 | 15,36,933 | 84.77 |
| ലോകബാങ്ക്സഹായം | ഇല്ല | 56,34,365 | 56,34,365 | 55,31,206 | 1,03,159 | 98.17 |
| ബി.ഫണ്ട് | ഇല്ല | 6,05,34,055 | 6,05,34,055 | 6,05,34,055 | 0 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 2,067 | 2,10,43,569 | 2,10,45,636 | 2,10,45,636 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 235 | 8,52,18,866 | 177 | 5,46,54,191 | 12 | 58 | 70.21 |

..

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| സെക്രട്ടറി | 24 | 16 | 66,55,716 | 50,61,340 | 76.05 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 30,55,000 | 23,29,900 | 76.27 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 166 | 122 | 5,28,29,019 | 3,06,43,573 | 58 |
| കൃഷി ഓഫീസർ | 6 | 5 | 21,54,700 | 9,64,209 | 44.75 |
| മെഡിക്കൽ ഓഫീസർ (PHC) | 3 | 3 | 16,47,200 | 12,96,738 | 78.72 |
| മെഡിക്കൽ ഓഫീസർ (GAD) | 2 | 2 | 5,44,000 | 5,41,424 | 99.53 |
| മെഡിക്കൽ ഓഫീസർ (GHD) | 1 | 1 | 2,00,000 | 2,00,000 | 100 |
| വെറ്ററിനറിസർജൻ | 2 | 2 | 15,82,620 | 15,82,110 | 99.97 |
| വി.ഇ.ഒ. നച്ച്യാട് | 8 | 5 | 85,39,970 | 50,51,100 | 59.15 |
| ഹെഡ് മാസ്റ്റർ | 9 | 7 | 12,90,000 | 7,59,655 | 58.89 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 53,30,641 | 48,34,142 | 90.69 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 13,90,000 | 13,90,000 | 100 |
| ആകെ | 235 | 177 | 8,52,18,866 | 5,46,54,191 | 64.13 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 35,32,199 | 58,37,208 | 23,05,009 | (+)65.26 |
| നികുതിയേതര വരവുകൾ | 11,88,944 | 15,15,209 | 3,26,265 | (+)27.44 |
| മറ്റ് വരവുകൾ | 25 | 9 | 16 | (+)64 |
| ആകെ | 47,21,168 | 73,52,426 | 26,31,258 | (+)55.73 |

## 1-8 ക്ഷേമപദ്ധതികൾ

2016-17 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 55,680 | 31 |
| കർഷക തൊഴിലാളി പെൻഷൻ | 52,46,470 | 493 |
| വിധവാ പെൻഷൻ | 1,73,20,030 | 1205 |
| വാർദ്ധക്യകാല പെൻഷൻ | 3,29,28,095 | 2867 |
| വികലാംഗ പെൻഷൻ | 42,20,560 | 380 |
| അവിവാഹിത പെൻഷൻ | 4,93,220 | 46 |
| വിവാഹ ധനസഹായം | 2,70,000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-09-2017-ന് 3.15 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹13,235 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-09-2010 | 2004-05 മുതൽ 2009-10 വരെ | 29-10-2010 |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-01-2017 | 01-09-16 മുതൽ 31-12-16 വരെ | 31-05-2017 |

## 1-11 സംയുക്ത പ്രോജക്ടുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല

വാർഷിക കണക്കിനോടനുബന്ധിച്ചുള്ള ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ₹2705027 സംയുക്ത പ്രോജക്ടുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും അവാർഡ് തുകയായും ഗുണഭോക്തൃ വിഹിതമായും ലഭിച്ച തുകയിനത്തിൽ ചെലവഴിക്കാൻ ബാക്കിയുണ്ട്. ഈ തുകകൾ ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടുന്ന തുക തിരിച്ചടക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന മുട്ടക്കോഴി വിതരണം എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ നിന്നും താഴെപ്പറയും പ്രകാരം രശീതി ബുക്കുകൾ വെറ്ററിനറി സർജന് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | രശീതി ബുക്കുകളുടെ നമ്പർ | രശീതി ബുക്കുകളുടെ എണ്ണം | രശീതി ബുക്കുകൾ ലഭിച്ച തീയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | 5359 മുതൽ 5368 വരെ | 10 | 23-12-2016 | പരിശോധനയ്ക്ക് ലഭ്യമാക്കി |
| 2 | 5369 മുതൽ 5373 വരെ | 5 | 08-02-2017 | 5373 -ാം നമ്പർ രശീതി ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| 3 | 5375<br>8797 മുതൽ 8803 വരെ | 8 | 16-02-2017 | പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |

മുട്ടക്കോഴി വിതരണത്തോടനുബന്ധിച്ച് ഗുണഭോക്തൃ വിഹിതമിനത്തിൽ ആകെ ₹331800 പിരിച്ചെടുത്തതിന്റെ രശീതി ബുക്കുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

എന്നാൽ ₹535620 ഗുണഭോക്തൃ വിഹിതമിനത്തിൽ എഗ്ഗർ നഴ്സറികൾക്ക് 08-03-2017-ന് നൽകിയിട്ടുണ്ട്. 5364-ാം രശീതി ബുക്കിലെ 66 മുതൽ 100 വരെയും 5368-ാം രശീതി ബുക്കിലെ 1 മുതൽ 100 വരെയുമുള്ള രശീതുകളുടെ ഡ്യൂപ്ലിക്കേറ്റ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. മുഴവൻ രശീതി ബുക്കുകളും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെയും ഗുണഭോക്തൃ വിഹിതമിനത്തിൽ എഗ്ഗർ നഴ്സറികൾക്ക് കൊടുത്ത തുകയുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## **2-2** കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നില്ല - വസ്തു നികുതിയിനത്തിൽ **₹15,183** യുടെ നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് ₹40യും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് ₹50 യുമാണ് അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 203(2) ബി, പ്രകാരം തറവിസ്തീർണ്ണം എന്നാൽ ഒരു ഏകനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 203(9) പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, 7-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധമായ രീതിയിൽ വസ്തു നികുതി വെവ്വേറെ കണക്കാക്കി മൊത്തം വാർഷിക നികുതി തിട്ടപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 കാലയളവിൽ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് ₹40 എന്ന തോതിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. ഉടമസ്ഥന്റെ പേര് : മാണിക്കനോലിക്കൽ രാജു

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരു നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50/ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 21-04-2016

നികുതി നിർണയത്തിന്റെ നിരക്ക് : അടിസ്ഥാന നികുതി+20% (തൃതീയ മേഖല)+20% (5 മീറ്ററിലധികം വീതിയുള്ള റോഡ്)+5% ലൈബ്രറി സെസ്

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ) (₹) | വ്യത്യാസം (₹) | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|
| 1 | VI-252F | 28.83 | 1,212 | 1,514 | 302 | 11602100311 21-04-2016 |
| 2 | VI-252G | 16.84 | 708 | 884 | 176 | 11602100313 21-04-2016 |
| 3 | VI-252H | 50.47 | 2,020 | 2,650 | 630 | 11602100314 21-04-2016 |
| 4 | VI-252 I | 17.95 | 718 | 942 | 224 | 11602100315 21-04-2016 |
| 5 | VI-252 J | 18.83 | 753 | 989 | 236 | 11602100316 21-04-2016 |
| 6 | VI-252K | 23.73 | 949 | 1,246 | 297 | 11602100317 21-04-2016 |
| 7 | VI-252L | 23.69 | 947 | 1,244 | 297 | 11602100318 |

| | | | | | | |
|---|---|---|---|---|---|---|
| 8 | VI-252M | 26.68 | 1,067 | 1,401 | 334 | 11602100319 21-04-2016 |
| 9 | VI-252N | 24.81 | 992 | 1,303 | 311 | 11602100320 21-04-2016 |
| 10 | VI-252O | 28.88 | 1,154 | 1,516 | 362 | 11602100321 21-04-2016 |
| ആകെ | | | | | 3,169 | |

II. ഉടമസ്ഥന്റെ പേര് : കണിപ്പള്ളിയിൽ ജയിംസ്, പടിഞ്ഞാരെ കുനിമ്മൽ ബാലകൃഷ്ണൻ

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഒരു നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50/ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 20-04-2016

നികുതി നിർണയത്തിന്റെ നിരക്ക്: അടിസ്ഥാന നികുതി +20% വർദ്ധനവ്

.. (5 മീറ്ററിലധികം വീതിയുള്ള റോഡ്)+5% ലൈബ്രറി സെസ്

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ($m^2$ൽ) | ഡിമാന്റ് ചെയ്ത വസ്തു നികുതി (ഗ്രന്ഥശാല വരി5% ഉൾപ്പടെ) (₹) | ഡിമാന്റ് ചെയ്യേണ്ട വസ്തു നികുതി (ഗ്രന്ഥശാല വരി 5% ഉൾപ്പടെ) (₹) | വ്യത്യാസം (₹) | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | VIII 460 B | 15.68 | 791 | 988 | 197 | 20% വർദ്ധനവ് | 11602100279 21-04-2016 |
| 2 | VIII 460 C | 15.68 | 791 | 988 | 197 | 20% വർദ്ധനവ് | 11602100280 21-04-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | VIII 460 D | 15.68 | 791 | 988 | 197 | 20% വർദ്ധനവ് | 11602100281 21-04-2016 |
| 4 | VIII 460 E | 15.96 | 806 | 1,005 | 199 | 20% വർദ്ധനവ് | 11602100282 21-04-2016 |
| 5 | VIII 460 F | 45.2 | 2,279 | 2,848 | 569 | 20% വർദ്ധനവ് | 11602100283 21-04-2016 |
| ആകെ | | | | | 1,359 | | |

III. ഉടമസ്ഥന്റെ പേര് : അക്കര ടോണി തോമസ്, അക്കര മിനി.

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള 2 നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50/ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 02-11-2016

നികുതി നിർണയത്തിന്റെ നിരക്ക്: അടിസ്ഥാന നികുതി +20% വർദ്ധനവ് .. (5 മീറ്ററിലധികം വീതിയുള്ള റോഡ്)+5% ലൈബ്രറി സെസ്

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (₹) | ഡിമാന്റ് ചെയ്യേണ്ട (₹) | വ്യത്യാസം (₹) | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | XII-330 K | 25.85 | 1,304 | 1,629 | 325 | 20% വർദ്ധനവ് | 11602103738 07-11-2016 |
| 2 | XII-330 L | 26.89 | 1,356 | 1,694 | 338 | 20% വർദ്ധനവ് | 11602103739 07-11-2016 |
| 3 | XII-30 M | 26.89 | 1,356 | 1,694 | 338 | 20% വർദ്ധനവ് | 11602103740 07-11-2016 |
| 4 | XII-330 N | 27.56 | 1,390 | 1,736 | 346 | 20% വർദ്ധനവ് | 11602103741 07-11-2016 |
| 5 | XII-330 O | 24.74 | 1,248 | 1,559 | 311 | 20% വർദ്ധനവ് | 11602103742 07-11-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | XII-330 P | 25.29 | 1,275 | 1,593 | 318 | 20% വർദ്ധനവ് | 11602103743 07-11-2016 |
| 7 | XII-330 Q | 25.29 | 1,275 | 1,593 | 318 | 20% വർദ്ധനവ് | 11602103744 07-11-2016 |
| 8 | XII-330 R | 25.29 | 1,275 | 1,593 | 318 | 20% വർദ്ധനവ് | 11602103745 07-11-2016 |
| 9 | XII-330 S | 25.85 | 1,238 | 1,629 | 391 | 5% ഇളവ് (ഒന്നാം നില) | 11602103746 07-11-2016 |
| 10 | XII-330 T | 26.89 | 1,290 | 1,644 | 404 | 5% ഇളവ് (ഒന്നാം നില) | 11602103747 07-11-2016 |
| ആകെ | | | | | 3,407 | | |

IV. ഉടമസ്ഥന്റെ പേര് : പാറടിയിൽ സാലി

കെട്ടിടത്തതിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഒറ്റനില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50/ചതുരശ്ര മീറ്റർ
നികുതി നിർണ്ണയിച്ച തീയതി : 23-04-2016

നികുതി നിർണയത്തിന്റെ നിരക്ക് : അടിസ്ഥാന നികുതി +20% വർദ്ധനവ്
.. (5 മീറ്ററിലധികം വീതിയുള്ള റോഡ്)+5% ലൈബ്രറി സെസ്

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാല വരി 5% ഉൾപ്പടെ) (₹) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ) (₹) | വ്യത്യാസം (₹) | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | XII-348A | 19 | 958 | 1197 | 239 | 20% വർദ്ധനവ് | 11602100370 25-04-2016 |
| 2 | XII-348 B | 15 | 756 | 945 | 189 | 20% വർദ്ധനവ് | 11602100371 25-04-2016 |
| 3 | XII-348 C | 13.4 | 677 | 844 | 167 | 20% വർദ്ധനവ് | 11602100372 25-04-2016 |
| 4 | XII-348D | 15 | 756 | 945 | 189 | 20% വർദ്ധനവ് | 11602100373 25-04-2016 |
| 5 | XII-348 E | 34.84 | 1,670 | 2,195 | 525 | 20% വർദ്ധനവ് | 11602100374 25-04-2016 |
| 6 | XII-348 F | 24.32 | 1,166 | 1,532 | 366 | 20% വർദ്ധനവ് | 11602100375 25-04-2016 |
| 7 | XII-348G | 23.52 | 1,127 | 1,482 | 355 | 20% വർദ്ധനവ് | 11602100376 25-04-2016 |
| | ആകെ | | | | 2,030 | | |

V. ഉടമസ്ഥന്റെ പേര് : മാത്യൂ കൊടകശ്ശേരി.

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള 2നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50 / ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 10-05-2016

നികുതി നിർണയത്തിന്റെ നിരക്ക്: അടിസ്ഥാന നികുതി +20% വർദ്ധനവ്
.. (5 മീറ്ററിലധികം വീതിയുള്ള റോഡ്)+5% ലൈബ്രറി സെസ്

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തു | ഡിമാന്റ് ചെയ്യേണ്ട വസ്തു | വ്യത്യാസം (₹) | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | നികുതി (₹) | നികുതി (₹) | | | |
| 1 | XIII-304B | 16.03 | 809 | 1,009 | 200 | 20% വർദ്ധനവ് | 11602100762 10-05-2016 |
| 2 | XIII-304C | 10.27 | 518 | 647 | 129 | 20% വർദ്ധനവ് | 11602100763 10-05-2016 |
| 3 | XIII-304D | 15.67 | 791 | 987 | 196 | 20% വർദ്ധനവ് | 11602100764 10-05-2016 |
| 4 | XIII-304 E | 15.3 | 772 | 964 | 192 | 20% വർദ്ധനവ് | 11602100765 10-05-.2016 |
| 5 | XIII-304 F | 12.39 | 625 | 781 | 156 | 20% വർദ്ധനവ് | 11602100766 10-05-.2016 |
| 6 | XIII-304 G | 18.2 | 918 | 1,147 | 229 | 20% വർദ്ധനവ് | 11602100767 10-05-2016 |
| 7 | XIII-304 H | 28.76 | 1,378 | 1,726 | 348 | 20% വർദ്ധനവ് 5%ഇളവ്. (ഒന്നാംനില) | 11602100768 10-05-2016 |
| 8 | XIII-304 I | 28.76 | 1,378 | 1,726 | 348 | 20% വർദ്ധനവ് 5% ഇളവ്. (ഒന്നാംനില) | 11602100769 10-05-2016 |
| 9 | XIII-304 J | 28.03 | 1,343 | 1,682 | 339 | 20% വർദ്ധനവ് 5% ഇളവ്. (ഒന്നാംനില) | 11602100770 10-05-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | XIII-304K | 25.12 | 1,204 | 1,682 | 303 | 20% വർദ്ധനവ് 5% ഇളവ്. (ഒന്നാംനില) | 11602100771 10-05-2016 |
| 11 | XIII-304L | 25.14 | 1,205 | 1,682 | 303 | 20% വർദ്ധനവ് 5% ഇളവ്. (ഒന്നാംനില) | 11602100772 10-05-2016 |
| ആകെ | | | | | 2,743 | | |

VI. ഉടമസ്ഥന്റെ പേര് : തൈപ്പാടത്ത് ദിലീപ്, തൈപ്പാടത്ത് സന്ദീപ്, തൈപ്പാടത്ത് സതീഷ്

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള 2നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50/ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 29-09-2016

നികുതി നിർണയത്തിന്റെ നിരക്ക്: അടിസ്ഥാന നികുതി +20% വർദ്ധനവ്

.. (5 മീറ്ററിലധികം വീതിയുള്ള റോഡ്)+5% ലൈബ്രറി സെസ്

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (₹) | ഡിമാന്റ് ചെയ്യേണ്ട വസ്തു നികുതി (ഗ്രന്ഥശാല വരി 5% ഉൾപ്പടെ) (₹) | വ്യത്യാസം (₹) | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | XII-344-C | 14.4 | 691 | 907 | 216 | 20% വർദ്ധനവ് | 11602102922 29-09-2016 |
| 2 | XII-344-D | 63.5 | 3,033 | 4,001 | 968 | 20% വർദ്ധനവ് | 11602102923 29-09-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | XII-344-E | 16.8 | 806 | 1,058 | 252 | 20% വർദ്ധനവ് | 11602102924 29-09-2016 |
| 4 | XII-344-F | 33.51 | 1,606 | 2,112 | 506 | 20% വർദ്ധനവ് | 11602102925 29-09-2016 |
| 5 | XII-344-G | 35.37 | 1,695 | 2,228 | 533 | 20% വർദ്ധനവ് | 11602102926 29-09-2016 |
| ആകെ | | | | | 2,475 | | |

നികുതി നിർണ്ണയത്തിലെ അപാകം മൂലം ₹15,183 (3169+1359+3407+2030+2743+2475) ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/27-09-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ കൊണ്ടുള്ള ആകെ നഷ്ടം വന്ന ₹15,183 വസ്തുനികുതി പുനർനിണ്ണയിച്ച് നഷ്ടമായ തുക ഈടാക്കേണ്ടതാണ്. ആവർത്തന നഷ്ടം എന്നതിനാൽ ഈ കാര്യം ഗൗരവമായി പരിഗണിക്കേണ്ടതാണ്.

## 2-3 കംപ്ലീഷൻ പ്ലാൻ അനുസരിച്ചുള്ള വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല-₹2,071 നഷ്ടം

തൈപ്പാടത്ത് ദിലീപ്, തൈപ്പാടത്ത് സന്ദീപ്, തൈപ്പാടത്ത് സതീഷ് എന്നിവരുടെ ഉടമസ്ഥതയിലുള്ളതും ഉളിക്കൽ ഗ്രാമപഞ്ചായത്ത് XII 344/C ആയി നമ്പർ നൽകിയിരിക്കുന്നതുമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് അസി.എഞ്ചിനീയർ അംഗീകരിച്ചിരിക്കുന്നതുമായ കംപ്ലീഷൻ പ്ലാൻ അനുസരിച്ച് ഒന്നാം നിലയിൽ 205.5 ചതുരശ്ര മീറ്ററാണ് വിസ്തീർണ്ണമുള്ളത്. എന്നാൽ കെട്ടിട നമ്പർ നൽകി വസ്തുനികുതി നിർണ്ണയം നടത്തിയിയിരിക്കുന്നത് 163.58 ചതുര ശ്രമീറ്ററിന് മാത്രമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/29-07-2017) മറുപടി ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തിന് 2016-17 വർഷം നഷ്ടം വന്ന തുക ₹2,071 (205.5-163.58=41.42x₹50=2,071) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിരമിച്ച അദ്ധ്യാപകർക്ക് യാത്രയയപ്പ് നൽകിയത് ₹9400 യുടെ ചെലവ് അംഗീകരിക്കുന്നില്ല

ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ വിരമിച്ച അദ്ധ്യാപകർക്കുള്ള യാത്രയയപ്പ് പരിപാടിക്കായി ചെലവായ ₹9400 ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടായ ശ്രീമതി. ഷേർലി അലക്സാണ്ടർക്ക് വൗച്ചർ നമ്പർ 21600154/30-5-2016

പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | ചെലവിനം | തുക ₹ | റിമാർക്സ് |
|---|---|---|---|
| 1 | ഫ്ലക്സ് പ്രിന്റിംഗ് | 4,400 | I Must Digital Flex Printers എന്ന സ്ഥാപനത്തിന് നൽകിയത് |
| 2 | ബജാജ് സീലിംഗ് ഫാൻ - 1 എണ്ണം<br>പ്രഷർ കുക്കർ - 5 ലിറ്റർ - 1 എണ്ണം | 5,000 | Kukkos Gift & Home Appliance എന്ന സ്ഥാപനത്തിന് നൽകിയത് |
| | ആകെ | 9,400 | |

യാത്രയയപ്പ് പരിപാടിയുടെ ചെലവുമായി ബന്ധപ്പെട്ടുള്ള ഭരണസമിതിയുടെ തീരുമാനം താഴെപ്പറയും പ്രകാരമാണ്.

20-04-2016-ലെ 51/16(1)-ാം നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം 16-02-2016-ലെ G.O(MS)58/2006/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ അടിയന്തര ആവശ്യമുള്ള പരിപാടികൾ നടത്തുന്നതിന് പഞ്ചായത്ത് നിയമങ്ങളിലും ചട്ടങ്ങളിലും പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ ചെയ്യുന്നതിനും അനുമതി നൽകിയതനുസരിച്ച് സർക്കാരോ പഞ്ചായത്തോ നടത്തുന്ന ചട്ടങ്ങൾക്ക് ഒരു വർഷത്തിൽ ഒരു ലക്ഷത്തിൽ കവിയാത്ത തുക ചെലവ് പഞ്ചായത്തിന്റെ ഭൂരിപക്ഷ തീരുമാന പ്രകാരം നടത്താവുന്നതാണെന്നിരിക്കെ ഈ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, ഹെഡ് മാസ്റ്റർ എന്നിവർക്ക് 28-04-2016-ന് ഒരു യാത്രയയപ്പ് നടത്താനും അതിനാവശ്യമായ പൊന്നാട, മൊമന്റോ, ലഘു ഭക്ഷണം, ഫോട്ടോ മുതലായവയ്ക്ക് വേണ്ടി വരുന്ന തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും തീരുമാനിച്ചു, ഈ ചെലവ് വക കൊള്ളിക്കുന്നതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടുത്ത ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.

യാത്രയയപ്പ് പരിപാടിയുടെ ഭാഗമായുള്ള ചെലവ് നടത്തിയതിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. വിരമിച്ച അദ്ധ്യാപകർക്കുള്ള യാത്രയയപ്പ് നൽകൽ എന്ന പരിപാടി അടിയന്തിര പ്രാധാന്യമുള്ളതല്ല.

2. യാത്രയയപ്പ് പരിപാടിയുടെ ഭാഗമായി വിരമിച്ച അദ്ധ്യാപകർക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ബജാജ് സീലിംഗ് ഫാൻ, പ്രഷർ കുക്കർ എന്നിവ വാങ്ങി നൽകിയത് ശരിയായ നടപടിയല്ല.

3. യാത്രയയപ്പ് പരിപാടിൽ ഏതൊക്കെ അദ്ധ്യാപകർക്കാണ് യാത്രയയപ്പ് നൽകിയത്

എന്നുള്ള വിവരം ലഭ്യമല്ല.

4. വിരമിച്ച അദ്ധ്യാപകർ നിർവ്വഹണ ഉദ്യോഗസ്ഥർ ആയിരുന്നോ എന്നുള്ള വിവരം ലഭ്യമായിട്ടില്ല.

5. യാത്രയയപ്പ് പരിപാടിൽ എത്ര പേർ പങ്കെടുത്തുവെന്നതിന്റേയോ യാത്രയയപ്പ് യോഗം ചേർന്നതിന്റെ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽപറഞ്ഞ കാരണങ്ങളാൽ ₹9,400 യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹9,400 ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 മഴക്കാല പൂർവ്വ ശുചീകരണം-തുക പണമായി നൽകിയത് സർക്കാർ ഉത്തരവിനു വിരുദ്ധം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ, PHC |
| പ്രൊജക്ടിന്റെ പേര് | : മഴക്കാല പൂർവ്വ ശുചീകരണം |
| പ്രൊജക്ടിന്റെ നമ്പർ | : 108/17 |
| വകയിരുത്തിയ തുക | : ₹3,00,000 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| | : ₹2,00,000 (തനത് ഫണ്ട്) |
| ആകെ | : ₹5,00,000 |
| ചെലവഴിച്ച തുക | : ₹89,640 ചെക്ക് നമ്പർ/തീയ്യതി : 1004278/23-02-2017 |
| | : ₹1,10,360 ചെക്ക് നമ്പർ/തീയ്യതി : 1004297/25-03-2017 |
| ആകെ | : ₹2,00,000 (തനത് ഫണ്ട്) |

ഈ പ്രൊജക്ടിന്റെ നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർക്ക് ₹2,00,000 ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുകളിൽ കാണിച്ച ചെക്കുകൾ മുഖേന നൽകിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിന് മുന്നോടിയായി വിഭാവനം ചെയ്ത ഈ പ്രൊജക്ടിലെ പ്രവർത്തിയിനങ്ങൾ ജനുവരി, ഫെബ്രുവരി മാസങ്ങളിലായാണ് നടത്തിയിരിക്കുന്നത്.

ഈ പ്രൊജക്ടിന്റെ ഭാഗമായി വിവിധ വാർഡുകളിലെ കോളനികൾ, കിണറുകൾ എന്നിവ ശുചിയാക്കൽ, മാലിന്യ മുക്ത ബോർഡ് സ്ഥാപിക്കൽ എന്നീ പ്രവർത്തികളാണ് നടത്തിയിരിക്കുന്നത്. ഇതിന് പ്രതിഫലമായി മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട ശുചീകരണ പ്രവർത്തികൾ നടത്തിയവർക്ക് ₹2,00,000 നൽകിയിരിക്കുന്നത്. പണമായിട്ടാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/25-09-2017) ബന്ധപ്പെട്ട വ്യക്തികൾ ബാങ്ക് അക്കൌണ്ട് ലഭ്യമാക്കാതിരുന്നതിനാലാണ് പണമായി തുക നൽകിയതെന്നും വ്യക്തമാക്കുന്നുണ്ട്. ₹1,000 ൽ അധികമായുള്ള ചെലവ് തുകകൾ ഡിമാന്റ്

ഡ്രാഫ്റ്റായി മാത്രമേ നൽകാവൂ എന്ന ധനവിനിയോഗം സംബന്ധിച്ച 12-04-2006-ലെ സ.ഉ.(പി)177/2006-ന് വിരുദ്ധമായാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക നൽകിയിരിക്കുന്നത്. കൂടാതെ യഥാർത്ഥത്തിൽ നൽകപ്പെട്ട തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. പ്രൊജക്ട് നടത്തിപ്പിലെ സുതാര്യമല്ലാത്ത ഇത്തരം പ്രവണതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ₹101260 യുടെ മരുന്ന് ലഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി

പ്രോജക്ട് നമ്പർ : 110/17

പ്രോജക്ടിന്റെ പേര് : ഉളിക്കൽ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹2,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവു തുക : ₹2,00,000 ബിൽ നമ്പർ/തീയ്യതി: 1/16-17/16-1-2017

ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ : 34798/21-01-2017

ഉളിക്കൽ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മാനേജിംഗ് ഡയറക്ടർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴ എന്ന സ്ഥാപനത്തിന് ₹2,00,000 നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയിസ് നമ്പർ LF-194/13-06-2017 പ്രകാരം ₹98,740 യുടെ മരുന്നുകൾ മാത്രമാണ് 20-09-2017 വരെയും ഹോമിയോ ഡിസ്പെൻസറിക്ക് ലഭ്യമായിട്ടുള്ളത്. മരുന്നിന്റെ വില മുൻകൂറായി നൽകിയിട്ട് 8 മാസം കഴിഞ്ഞിട്ടും ₹101260 യുടെ മരുന്ന് ലഭ്യമായിട്ടില്ല. ₹101260 യുടെ മരുന്ന് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പാലിയേറ്റീവ് കെയർ പ്രൊജക്ട് -ഉപകരണങ്ങൾ മുഴുവനും ലഭ്യമായില്ല ₹75060 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, PHC

പ്രൊജക്ടിന്റെ നമ്പർ : 100/17

പ്രൊജക്ടിന്റെ പേര് : പെയിൻ & പാലിയേറ്റീവ്

വകയിരുത്തിയ തുക : ₹5,69,624 (വികസന ഫണ്ട്)

: ₹376 (തനത് ഫണ്ട്)

: ₹50000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ആകെ : ₹6,20,000

ചെലവഴിച്ച തുക : ₹1,29,800 ബിൽ നമ്പർ : 1/16-17/14-12-2016

. : ₹89100 ബിൽ നമ്പർ : 2/16-17/27-01-2017

. : ₹1,18,410 ബിൽ നമ്പർ : 3/16-17/23-02-2017

. : ₹80,778 ബിൽ നമ്പർ : 4/16-17/22-03-2017

. : ₹49,850 ബിൽ നമ്പർ : 5/16-17/29-03-2017

. : ₹1,01,600 ബിൽ നമ്പർ : 6/16-1729-03-2017

ആകെ : ₹5,69,538

2016-17 വർഷത്തെ പെയിൻ & പാലിയേറ്റീവ് എന്ന മേൽ പ്രൊജക്ടിന്റെ ഭാഗമായി രോഗികൾക്കാവശ്യമായ 24 വിവിധ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ₹1,01,600 മുൻകൂറായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപറേഷന് ബിൽ നമ്പർ 6/16-17 /29-03-2017 പ്രകാരം ഫണ്ട് ട്രാൻസ്ഫറായി നൽകിയിട്ടുണ്ട്. ഇതിൽ ₹26,540 യുടെ വീൽ ചെയർ (3 എണ്ണം,) വാക്കർ (10 എണ്ണം), വാക്കിംഗ് കെയിൻ (20 എണ്ണം) എന്നിവ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ₹75060 (1,01,600-26,540) യുടെ ഉപകരണങ്ങൾ ഇതു വരെയും ലഭിച്ചിട്ടില്ല. ആയതിനാൽ ₹75060 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 <u>കയനി അംഗൻവാടിക്ക് കുഴൽ കിണർ - നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടില്ല - ₹56,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ : 189/17

പ്രൊജക്ടിന്റെ പേര് : മാണിപ്പാറ, കയനി, ആനറ അംഗൻവാടികൾക്കും ഗാന്ധിനഗർ .. പട്ടികവർഗ്ഗ സാസ്കാരിക നിലയത്തിനും കുഴൽകിണർ

വകയിരുത്തിയ തുക : ₹1,00,000 (വികസന ഫണ്ട്)

: ₹3,00,000 (മെയിന്റനൻസ് ഫണ്ട് – റോഡിതരം)

ചെലവു തുക : ₹56,000 ബിൽ നമ്പർ/തീയ്യതി: 96/16-17/30-03-2017

മാണിപ്പാറ, കയനി, ആനറ എന്നീ അംഗൻവാടികൾക്കും ഗാന്ധിനഗർ പട്ടിക വർഗ്ഗ സാസ്കാരിക നിലയത്തിനും കുഴൽകിണർ എന്ന മേൽ പ്രൊജക്ടിന്റെ ഭാഗമായി കയനി അംഗൻവാടി കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മാണത്തിനായി ഭൂജല വകുപ്പ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് തുകയായ ₹56,000 ഭൂജല വകുപ്പിന്റെ കണ്ണൂർ ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെയും കുഴൽ കിണർ നിർമ്മാണം നടത്തിയതിന്റെയും വിവരം ലഭ്യമല്ല. മാണിപ്പാറ, ആനറ എന്നീ അംഗൻവാടികൾക്കും ഗാന്ധിനഗർ പട്ടിക വർഗ്ഗ സാസ്കാരിക നിലയത്തിനും കുഴൽകിണർ നിർമ്മിക്കുന്നതിന് തുക

ചെലവഴിച്ചതിന്റെ വിവരവും ലഭ്യമല്ല. ഇതു സംബന്ധിച്ച് 16/25-09-2017 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയത്. ആയതിനാൽ ₹56,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 വൈദ്യുതി ലൈൻ വലിക്കൽ പ്രവൃത്തികൾ പൂർത്തിയായതിന്റെ വിവരം ലഭ്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ ആകെ ₹82,490 അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്ക് സെക്ഷൻ, കെ.എസ്.ഇ.ബി, ഉളിക്കലിന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ<br>പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക<br>ഫണ്ടിനം | ചെലവു തുക ₹ | ബിൽ/ചെക്ക് നമ്പർ |
|---|---|---|---|---|
| 1 | 56/17<br>അംബേദ്കർ കോളനിയിൽ കമ്യൂണിറ്റി ഹാൾ വൈദ്യുതി ലൈൻ വലിക്കൽ | 65,000<br>വികസന ഫണ്ട് SCP | 18,162 | ബിൽ നമ്പർ 22/16-17/ 18-01-2017 |
| 2 | 78/17<br>പഞ്ചായത്ത് മത്സ്യ മാംസ മാർക്കറ്റിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് ത്രീ ഫേസ് ലൈൻ വലിക്കൽ | 40,000<br>തനത് ഫണ്ട് | 34,650 | ചെക്ക് നമ്പർ 446024/03-01-2017 |
| 3 | 79/17<br>വയത്തൂർ കമ്യൂണിറ്റി ടോയ്‌ലറ്റിന് വൈദ്യുതി കണക്ഷൻലഭ്യമാക്കുന്നതിന് ലൈൻ വലിക്കൽ | 30,000<br>തനത് ഫണ്ട് | 29,678 | |
| | ആകെ | | 82,490 | |

മേൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 അതുല്യം സാക്ഷരതാ പരിപാടിയും തൊഴിൽ പരിശീലനവും ₹10400യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രൊജക്ട് നമ്പർ : 80/17

പ്രൊജക്ടിന്റെ പേര് : അതുല്യം സാക്ഷരതാ പരിപാടി

വകയിരുത്തിയ തുക : ₹ 1,60,000 വികസന ഫണ്ട്

ചെലവഴിച്ച തുക : ₹ 1,11,050

ബിൽ നമ്പർ / തീയ്യതി : 4/16-17/26-03-2017

പത്താംക്ലാസ് തുല്യതാ പരീക്ഷയിൽ പങ്കെടുക്കുന്നവർക്ക് രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നിവ നൽകുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനുമുള്ള പ്രൊജക്ടാണിത്. പഠിതാക്കളുടെ ചെലവിനത്തിൽ ₹82,050യും തൊഴിൽ പരിശീലനമായി കുട നിർമ്മാണ പരിശീലനം നൽകിയ ഇനത്തിൽ ₹29,000യുമുൾപ്പെടെ ആകെ ₹111050യാണ് ചെലവഴിച്ചിട്ടുള്ളത്. കുടനിർമ്മാണ പരിശീലനത്തിന് ചെലവഴിച്ച ₹29,000 യിൽ ₹26,000 നിർമ്മാണ കിറ്റിന്റെ വിലയിനത്തിലുള്ള ചെലവാണ്. ₹260 വിലവരുന്ന 100 കിറ്റുകൾ വാങ്ങിയതിന്റ വിലയായി ₹26,000 നെല്ലിക്കാം പൊയിൽ ടി.എസ്.എസി ന് നൽകിയിട്ടുണ്ട്.(വൌച്ചർ നം.57/16-17/24-03-2017). എന്നാൽ പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ പട്ടികയിൽ 60 പേർ മാത്രമാണുള്ളത്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/22.9.2017) ആദ്യ ക്ലാസിൽ പങ്കെടുക്കുവാൻ സാധിക്കാതെയിരുന്ന 40പേർക്കായി വീണ്ടും പരിശീലനം നടത്തുന്നതിനായി 40 കിറ്റുകൾ വിതരണം ചെയ്തുവെന്ന് മറുപടി അറിയിക്കുകയുണ്ടായി. എന്നാൽ ഇതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികമായി ഈ ഇനത്തിൽ ചെലവഴിച്ച ₹10,400 (40 x 260) തടസ്സപ്പെടുത്തുന്നു.

## 3-8 വിദ്യാഭ്യാസ രംഗത്തെ പ്രോജക്ടുകൾ സമഗ്രമായി രൂപീകരിക്കപ്പെട്ടുകയോ വിലയിരുത്തപ്പെട്ടുകയോ ചെയ്യപ്പെട്ടുന്നില്ല

2016-17 വർഷം ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ സമഗ്രമായ ആസൂത്രണത്തന്റെയും മോണിറ്ററിംഗിന്റെയും അഭാവത്തോട് കൂടിയവയാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. എൽ.പി, യു.പി. കുട്ടികൾക്ക് കരാട്ടെ പരിശീലനം:

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ : 83/17

പ്രോജക്ടിന്റെ പേര് : എൽ.പി, യു.പി. കുട്ടികൾക്ക് കരാട്ടെ പരിശീലനം

വകയിരുത്തിയ തുക : ₹1,50,000 (തനത് ഫണ്ട്)

ചെലവഴിച്ച തുക : ₹1,42,000

ചെക്ക് നമ്പർ / തീയ്യതി : 1004296/25-03-2017

പരിശീലനത്തിന്റെ ഉള്ളടക്കം വിദഗ്ധരുമായി ചർച്ചചെയ്ത് തീരുമാനിച്ചതായി കാണുന്നില്ല. വിവിധ സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട 40 വിദ്യാർത്ഥികൾക്ക് പത്ത് മാസം കൊണ്ട് 80 ദിവസത്തെ പരിശീലനമാണ് ഈ പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ 10 മാസം കൊണ്ട് നൽകേണ്ട 80 ദിവസത്തെ പരിശീലനം (ശരാശരി ആഴ്ചയിൽ 2 ദിവസം) കേവലം 3 മാസം എല്ലാ ദിവസങ്ങളിലും തുടർച്ചയായി നൽകി പൂർത്തീകരിച്ചതായാണ് പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ പട്ടികയിൽ നിന്നും വ്യക്തമാകുന്നത്. പരിശീലനത്തിന്റെ ഭാഗമായി ഗ്രേഡിംഗ് നടത്തിയതായും കാണുന്നുണ്ട്. എന്നാൽ ഏത് ഗ്രേഡ് ലഭിക്കുന്നതിനുള്ള പരിശീലനമാണ് വിഭാവനം ചെയ്തിരുന്നത് എന്നത് വ്യക്തമാക്കിയിട്ടില്ല. എങ്കിലും Yellow ഗ്രേഡ് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. (ഗ്രേഡിംഗിന് മാത്രം ₹14000 ചെലവഴിച്ചിട്ടുണ്ട്). ഈ ഗ്രേഡ് നല്കുന്നതിനുള്ള പരിശീലനം ശാസ്ത്രീയമായി ആവശ്യമുള്ള കാലയളവ് എടുത്താണോ നല്കപ്പെട്ടത് എന്നും വിലയിരുത്തപ്പെട്ടിട്ടില്ല. ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ഈ മേഖലയിൽ വിദഗ്ധരായ അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി പ്രൊജക്ടിന്റെ നടത്തിപ്പ് ആദ്യന്തം വിലയിരുത്തപ്പെടേണ്ടതാണ്.

2. <u>എൽ.പി, യു.പി. കുട്ടികൾക്ക് കായിക പരിശീലനം:</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ : 18/17

പ്രോജക്ടിന്റെ പേര് : എൽ.പി, യു.പി. കുട്ടികൾക്ക് കായിക പരിശീലനം

വകയിരുത്തിയ തുക : ₹2,00,000 തനത് ഫണ്ട്

ചെലവഴിച്ച തുക : ₹1,78,375

ചെക്ക് നമ്പർ/തീയ്യതി : 1004241/19-09-2016

എൽ.പി, യു.പി. കുട്ടികൾക്ക് കായിക പരിശീലനം എന്ന പ്രോജക്ടിന്റെ ഭാഗമായി 06-04-2016 മുതൽ 04-05-2016 വരെ ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ 167 വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നടത്തുകയുണ്ടായി. ഈ പ്രൊജക്ട് തയ്യാറാക്കിയ വർക്കിംഗ് ഗ്രൂപ്പിൽ കായിക രംഗത്തു നിന്നുള്ള ആരും ഉൾപ്പെട്ടിട്ടില്ല. ഏതൊക്ക ഇനങ്ങളിലുള്ള പരിശീലനമാണ് നൽകേണ്ടതെന്ന് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല. ഏതൊക്കെ ഇനങ്ങളിലാണ് പരിശീലനം നല്കപ്പെട്ടതെന്നും വ്യക്തമല്ല. സ്പോർട്സ്

പരിശീലനം പോലെയുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടത് സ്പോട്സ് കൗൺസിലിന്റെ സഹായത്തോടെയായിരിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖ 12.5(v) ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്പോട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെ കായിക പരിശീലനം നൽകുന്നതിന് പകരം സമീപപ്രദേശങ്ങളിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കായിക അദ്ധ്യാപകർക്ക് പ്രത്യേക പ്രതിഫലം നല്കി പരിശീലനം ലഭ്യമാക്കുകയാണുണ്ടായത്. ഇത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം പ്രൊജക്ടുകൾ സ്പോട്സ് കൗൺസിലിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി:

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ : 81/17

പ്രോജക്ടിന്റെ പേര് : ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി

വകയിരുത്തിയ തുക : ₹1,00,000 വികസന ഫണ്ട്

ചെലവഴിച്ച തുക : ₹96,000

ബിൽ നമ്പർ/തീയ്യതി : 2/16-17/26-03-2017

ഈ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന ശാരീരിക വൈകല്യമുള്ള ഇരുപത് വിദ്യാർത്ഥികൾക്ക് സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി എന്നിവ നൽകിയിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികൾ മേൽപറഞ്ഞ ശാരീരിക വൈകല്യമുള്ളവരാണെന്നുള്ള ഡോക്ടറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. സ്പീച്ച് തെറാപ്പി നൽകപ്പെട്ടതു കൊണ്ട് വിദ്യാർത്ഥികളിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കുന്ന പരിശോധനാ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. കുട്ടികളിൽ കാണുന്ന വൈകല്യങ്ങൾ ചെറുപ്പത്തിലേ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള ഇത്തരം പ്രോജക്ടുകളുടെ രൂപീകരണത്തിൽ ഈ രംഗത്തുള്ള വിദഗ്ധരെ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ഇത്തരം പ്രോജക്ടുകൾ സമഗ്രമായ ആസൂത്രണത്തോടെ നടപ്പിലാക്കേണ്ടതും അവയുടെ മോണിറ്ററിംഗ്, പുരോഗതി വിലയിരുത്തൽ എന്നിവ പഠന വിധേയമാക്കേണ്ടതാണ്.

## 3-9 IKM-ന് 2015-16, 2016-17 വർഷങ്ങളിലെ പഞ്ചായത്ത് വിഹിതം നൽകൽ - തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 95/17

പ്രൊജക്ടിന്റെ പേര് : IKM-ന് 2015-16, 2016-17 വർഷങ്ങളിലെ പഞ്ചായത്ത്

വിഹിതം നൽകൽ

അടങ്കൽ തുക : ₹1,35,906 വികസന ഫണ്ട്

ചെലവ് തുക : ₹1,35,906 ബിൽ നമ്പർ/തീയ്യതി : 9/16-17/27-09-2016

IKM-ന് 2015-16, 2016-17 വർഷങ്ങളിലെ പഞ്ചായത്ത് വിഹിതം നൽകൽ എന്ന മേൽ പ്രോജക്ട് പ്രകാരം 2015-16-ലെ വിഹിതമായ ₹65,593 യും 2016-17-ലെ വിഹിതമായ ₹70,313 യുമുൾപ്പെടെ ആകെ ₹1,35,906 IKMഎക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. IKM തുക കൈപ്പറ്റിയതിന്റെ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. IKM തുക കൈപ്പറ്റിയതിന്റെ രശീതി ലഭ്യമാക്കേണ്ടതാണ്.

## 3-10 തെരുവു നായകളുടെ പ്രജനന നിയന്ത്രണം - കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 121/17

പ്രൊജക്ടിന്റെ പേര് : ABC പ്രോഗ്രാം ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ

അടങ്കൽ തുക : ₹1,00,000 തനത് ഫണ്ട്

ചെലവ് തുക : ₹1,00,000 ചെക്ക് നമ്പർ/തീയ്യതി : 1004260/22-12-2016

കണ്ണൂർ ജില്ലാ പഞ്ചായത്ത് ജില്ലയിലെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത പദ്ധതിയായ തെരുവു നായ പ്രജനന നിയന്ത്രണ ABC-ARV പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉളിക്കൽ ഗ്രാമപഞ്ചായത്ത് ₹1,00,000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-11 സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന – കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 251/17

പ്രൊജക്ടിന്റെ പേര് : സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന

അടങ്കൽ തുക : ₹1,00,000 വികസന ഫണ്ട്

ചെലവ് തുക : ₹1,00,000 ബിൽ നമ്പർ/തീയ്യതി : 21/16-17/21-03-2017

സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന എന്ന മേൽ പ്രോജക്ടിന്റെ ഭാഗമായി ഉളിക്കൽ

ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി ₹1,00,000 സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-12 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 235/17

പ്രൊജക്ടിന്റെ പേര് : പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ

അടങ്കൽ തുക : ₹93,000 വികസന ഫണ്ട്

ചെലവ് തുക : ₹93,000 ബിൽ നമ്പർ/തീയ്യതി : 27/16-17/31-03-2017

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്നും രണ്ട് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയതിന് ₹93,000 ചെലവഴിച്ചിട്ടുണ്ട്. മാനേജർ, കെൽട്രോൺ ഏരിയ സെയിൽസ് ഓഫീസ്, കോഴിക്കോടിന്റെ 21-03-2017-ലെ ഇൻവോയ്സ് നമ്പർ KSEDC/CLT/OA/1493/21-03-2017 പ്രകാരം കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രശീത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുകയുടെ കൈപ്പറ്റ് രശീത് ലഭ്യമാക്കേണ്ടതാണ്.

## 3-13 ഗുണഭോക്തൃ കമ്മിറ്റി മുഖേന നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ചെലവു രേഖകൾ കൺവീനർ ലഭ്യമാക്കിയിട്ടില്ല ₹13,64,187 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1. അട്ടറഞ്ഞി അംബേദ്കർ പട്ടിക വർഗ്ഗ സാംസ്കാരിക നിലയം അഭിവൃദ്ധിപ്പെടുത്തൽ:

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 75/17

പ്രോജക്ടിന്റെ പേര് : അട്ടറഞ്ഞി അംബേദ്കർ പട്ടിക വർഗ്ഗ സാംസ്കാരിക നിലയം അഭിവൃദ്ധിപ്പെടുത്തൽ

വകയിരുത്തിയ തുക : ₹3,20,000 വികസന ഫണ്ട് SCP

ചെലവു തുക : ₹3,09,716 ബിൽ നമ്പർ/തീയ്യതി: 28/16-17/30-01-2017

കൺവീനർ : വി.ഡി. സേവ്യർ

അട്ടറഞ്ഞി അംബേദ്കർ പട്ടിക വർഗ്ഗ സാംസ്കാരിക നിലയം അഭിവൃദ്ധിപ്പെടുത്തൽ എന്ന മേൽ പ്രോജക്ട് പ്രകാരം കൺവീനർ ചെയ്ത പ്രവൃത്തികളുടെ വിശദ വിവരം താഴെ

കൊടുക്കുന്നു.

| ക്രമ നമ്പർ | തുക | ചെലവ് വിവരം |
|---|---|---|
| 1 | 1,176 | സ്റ്റീൽ പൈപ്പ് 12 Kg |
| 2 | 1,39,500 | അലുമിനിയം സിങ്ക് ഷീറ്റ് 225 $m^2$ |
| 3 | 12,750 | അലുമിനിയം സിങ്ക് Ridge Cap 25 m |
| 4 | 4,050 | പൂഴി 45 Feet |
| 5 | 3,200 | സിമന്റ് 8 Bag |
| 6 | 22100 | MS Grills 170 Kg |
| 7 | 5,952 | പി.വി.സി പൈപ്പ്, Tap, Closet etc. |
| 8 | 22,560 | Ceramic Tiles 47 $m^2$ |
| 9 | 6,000 | Paint 20 ലിറ്റർ |
| 10 | 8,500 | മസ്റ്റർ റോൾ 8/2016 |
| 11 | 39,800 | മസ്റ്റർ റോൾ 9/2016 |
| 12 | 13,800 | മസ്റ്റർ റോൾ 10/2016 |
| 13 | 42,100 | മസ്റ്റർ റോൾ 11/2016 |
| ആകെ | 3,21,488 | |

മേൽ പട്ടികയിലെ ക്രമ നമ്പർ 1 മുതൽ 9 വരെയുള്ള ചെലവു തുകകൾ കൺവീനറിൽ നിന്നും കൈപ്പറ്റിയതായി എഴുതിക്കൊടുത്ത രശീതുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രവൃത്തിക്കായി വാങ്ങിയ സാധനങ്ങളുടെ ക്യാഷ് ബിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹3,09,716 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. PHC അഭിവൃദ്ധിപ്പെടുത്തൽ:

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 74/17

പ്രോജക്ടിന്റെ പേര് : PHC അഭിവൃദ്ധിപ്പെടുത്തൽ

വകയിരുത്തിയ തുക : ₹2,20,000 മെയിന്റനൻസ് ഫണ്ട് – റോഡിതരം

ചെലവു തുക : ₹2,05,240 ബിൽ നമ്പർ/തീയ്യതി: 30/16-17/30-01-2017

കൺവീനർ : കെ.വി. ബാബു

PHC അഭിവൃദ്ധിപ്പെടുത്തൽ എന്ന മേൽ പ്രോജക്ട് പ്രകാരം കൺവീനർ ചെയ്ത പ്രവൃത്തികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തുക | ചെലവ് വിവരം |
|---|---|---|
| 1 | 22,500 | ചെങ്കല്ല് 750 എണ്ണം |
| 2 | 19,200 | പൂഴി 6 $m^3$ |
| 3 | 28,000 | സിമന്റ് 70 Bag |
| 4 | 7,400 | 20 mm Metal |
| 5 | 16,500 | കമ്പി 300 Kg |
| 6 | 1,550 | 40 mm Metal |
| 7 | 1,728 | MS Grills 18 Kg |
| 8 | 20,300 | Doors & Windows |
| 9 | 11,440 | Floring Tile 26 $m^2$ |
| 10 | 2,880 | Paint 8 ലിറ്റർ |
| 11 | 12,250 | മസ്റ്റർ റോൾ 10/2016 |
| 12 | 39,050 | മസ്റ്റർ റോൾ 11/2016 |
| 13 | 43,800 | മസ്റ്റർ റോൾ 12/2016 |
| ആകെ | 2,26,598 | |

മേൽപട്ടികയിലെ ക്രമ നമ്പർ 1 മുതൽ 10 വരെയുള്ള ചെലവു തുകകൾ കൺവീനറിൽ നിന്നും കൈപ്പറ്റിയതായി എഴുതിക്കൊടുത്ത രശീതുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രവൃത്തിക്കായി വാങ്ങിയ സാധനങ്ങളുടെ ക്യാഷ് ബിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹2,05,240 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. തൊട്ടിൽപ്പാലം വനിതാ വർക്ക് ഷെഡ് അഭിവൃദ്ധിപ്പെടുത്തൽ:

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 26/17

പ്രോജക്ടിന്റെ പേര് : തൊട്ടിൽപ്പാലം വനിതാ വർക്ക് ഷെഡ് അഭിവൃദ്ധിപ്പെടുത്തൽ

വകയിരുത്തിയ തുക : ₹1,91,000 ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവു തുക : ₹1,52,103 ബിൽ നമ്പർ/തീയ്യതി: 4/16-17/09-09-2016

കൺവീനർ : സി. കുഞ്ഞിമുഹമ്മദ്

തൊട്ടിൽപ്പാലം വനിതാ വർക്ക് ഷെഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന മേൽ പ്രോജക്ട് പ്രകാരം കൺവീനർ ചെയ്ത പ്രവൃത്തികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തുക | ചെലവ് വിവരം |
|---|---|---|
| 1 | 6,200 | 40 mm Metal 4m$^3$ |
| 2 | 18,600 | പൂഴി 6 m$^3$ |
| 3 | 16,000 | സിമന്റ് 40 Bag |
| 4 | 23,635 | ചെങ്കല്ല് 815 എണ്ണം |
| 5 | 7,280 | Window Shutter |
| 6 | 1,450 | PVC Door Shutter |
| 7 | 37,395 | 1 HP Motor, Wash Basin, PVC Pipe, Water Tank etc |
| 8 | 9,750 | മസ്റ്റർ റോൾ 3/2016 |
| 9 | 40,500 | മസ്റ്റർ റോൾ 4/2016 |
| ആകെ | 1,60,810 | |

മേൽപട്ടികയിലെ ക്രമ നമ്പർ 1 മുതൽ 7 വരെയുള്ള ചെലവു തുകകൾ കൺവീനറിൽ നിന്നും കൈപ്പറ്റിയതായി എഴുതിക്കൊടുത്ത രശീതുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രവൃത്തിക്കായി വാങ്ങിയ സാധനങ്ങളുടെ കാഷ് ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1,52,103യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4. കൊക്കാട് അംഗൻവാടി കുടിവെള്ള സൗകര്യം പൂർത്തീകരണം:

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 36/17

പ്രോജക്ടിന്റെ പേര് : കൊക്കാട് അംഗൻവാടി കുടിവെള്ള സൗകര്യം പൂർത്തീകരണം

വകയിരുത്തിയ തുക : ₹1,00,000 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

ചെലവു തുക : ₹84,640 ബിൽ നമ്പർ/തീയ്യതി: 36/16-17/27-02-2017

കൺവീനർ : പ്രദീപൻ. പി.ജി.

കൊക്കാട് അംഗൻവാടി കുടിവെള്ള സൗകര്യം പൂർത്തീകരണം എന്ന മേൽ പ്രോജക്ട് പ്രകാരം കൺവീനർ ചെയ്ത പ്രവൃത്തികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തുക | ചെലവ് വിവരം |
|---|---|---|
| 1 | 22,815 | MS Grill 169 Kg |
| 2 | 950 | പൂഴി 10 Feet |
| 3 | 800 | സിമന്റ് 2 Bag |
| 4 | 1,600 | ചെങ്കല്ല് 50 എണ്ണം |
| 5 | 30,800 | Inter lock 40 $m^2$ |
| 6 | 26,366 | Kitchen Zinc, PVC Pipe, 1 HP Motor, Paint etc |
| 7 | 1,650 | Steel Pipe 15 Kg |
| 8 | 4,900 | മസ്റ്റർ റോൾ 11/2016 |
| 9 | 8,600 | മസ്റ്റർ റോൾ 12/2016 |
| ആകെ | 98,481 | |

മേൽ പട്ടികയിലെ ക്രമ നമ്പർ 1 മുതൽ 7 വരെയുള്ള ചെലവു തുകകൾ കൺവീനറിൽ നിന്നും കൈപ്പറ്റിയതായി എഴുതി ക്കൊടുത്ത രശീതുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രവൃത്തിക്കായി വാങ്ങിയ സാധനങ്ങളുടെ ക്യാഷ് ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ കമ്മിറ്റിയുടെ മിനുട്സും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹84,640 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5. കുണ്ടേരി ഉപദേശിക്കുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തൽ:

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 49/17

പ്രോജക്ടിന്റെ പേര് : കുണ്ടേരി ഉപദേശിക്കുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തൽ

വകയിരുത്തിയ തുക : ₹2,00,000 തനത് ഫണ്ട്

ചെലവു തുക : ₹1,96,882

കൺവീനർ : കെ.കെ. ശശി

കൺവീനർക്ക് നൽകിയ തുക : ₹1,82,023 ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ : 033526/17-09-2016

കുണ്ടേരി ഉപദേശിക്കുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന മേൽ പ്രോജക്ട് പ്രകാരം ആകെ ചെലവു തുകയായ ₹1,96,882 യിൽ നിന്നും ₹1,82,023 കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ കൺവീനർ ഏതൊക്കെ ഇനങ്ങൾക്കാണ് തുക ചെലവഴിച്ചതെന്നുള്ള വിവരം ഫയലിൽ സൂക്ഷിച്ചില്ല. ഗുണഭോക്തൃ കമ്മിറ്റിയുടെ മിനട്സിൽ ആകെ ₹2,01,385 ചെലവ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇനം തിരിച്ചുള്ള ചെലവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. കൺവീനറുടെ ആകെ ചെലവെത്രയാണെന്നുമുള്ള വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹1,96,882 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

6. മണിക്കടവ് വനിത വർക്ക് ഷെഡ് Upstair നിർമ്മാണം:

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 73/17

പ്രോജക്ടിന്റെ പേര് : മണിക്കടവ് വനിത വർക്ക് ഷെഡ് Upstair നിർമ്മാണം

വകയിരുത്തിയ തുക : ₹3,13,000 ധനകാര്യ കമ്മീഷൻ അവാർഡ്

. : ₹37,000 തനത് ഫണ്ട്

ആകെ : ₹3,50,000

ചെലവു തുക : ₹3,13,000 ബിൽ നമ്പർ/തീയ്യതി: 35/16-17/10-03-2017

. : ₹8,012 തനത് ഫണ്ട്

ആകെ : ₹3,21,012

കൺവീനർ : വർക്കി.ടി.ജെ.

മണിക്കടവ് വനിത വർക്ക് ഷെഡ് Upstair നിർമ്മാണം എന്ന മേൽ പ്രോജക്ട് പ്രകാരം ആകെ ചെലവു തുകയായ ₹ 3,21,012 യിൽ നിന്നും ₹2,96,785 കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ കൺവീനർ ഏതൊക്കെ ഇനങ്ങൾക്കാണ് തുക ചെലവഴിച്ചതെന്നും കൺവീനറുടെ ആകെ ചെലവെത്രയാണെന്നുമുള്ള വിവരങ്ങളൊന്നും ഫയലിൽ സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ₹3,21,012 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

7. തൊട്ടിൽപ്പാലം ഉപദേശിക്കുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തൽ:

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 48/17

പ്രോജക്ടിന്റെ പേര് : തൊട്ടിൽപ്പാലം ഉപദേശിക്കുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തൽ

വകയിരുത്തിയ തുക : ₹ 1,00,000 തനത് ഫണ്ട്

ചെലവു തുക : ₹ 94,594 ചെക്ക് നമ്പർ : 1399363/30-3-2017

കൺവീനർ : മഹറൂഫ് കുന്നത്ത്.

തൊട്ടിൽപ്പാലം ഉപദേശിക്കുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹94,594 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കൺവീനർ ഏതൊക്കെ ഇനങ്ങൾക്കാണ് തുക ചെലവഴിച്ചതെന്നുള്ള വിവരം ഫയലിൽ സൂക്ഷിച്ചില്ല. ഗുണഭോക്തൃ കമ്മിറ്റിയുടെ മിനുട്സിൽ മേൽ പ്രവൃത്തിയുടെ കൺവീനർ, ചെയർമാൻ എന്നിവരെ 26-9-2015 ന് തെരഞ്ഞെടുത്തതിന്റെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കൺവീനറുടെ ആകെ തുക ചെലവഴിച്ചുവെന്നുള്ള വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹94,594 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രോജക്ട് നമ്പർ പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | 240/17 പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ പൊതു ടോയ്ലറ്റ് നിർമ്മാണം | 2,05,570 | 94,430 |
| | 3,90,000 | 116/17 | 3,90,000 | ഇല്ല |

| | | | | |
|---|---|---|---|---|
| | | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ പ്രോജക്ടിന്റെ പേര് | നൽകിയ തുക ₹ | ബിൽ/ചെക്ക് നമ്പർ | വിനിയോഗ വിവരം |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 56/17 അംബേദ്കർ കോളനിയിൽ കമ്യൂണിറ്റി ഹാൾ വൈദ്യുതി ലൈൻ വലിക്കൽ | 18,162 | ബിൽ നമ്പർ 22/16-17/18-01-2017 | വിനിയോഗ വിവരം ലഭ്യമല്ല |
| | 78/17 പഞ്ചായത്ത് മത്സ്യ മാംസമാർക്കറ്റിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് ത്രീ ഫേസ് ലൈൻ വലിക്കൽ | 34,650 | ചെക്ക് നമ്പർ 446024/03-01-2017 | |
| | 79/17 വയത്തൂർ കമ്യൂണിറ്റി ടോയ്ലറ്റിന് വൈദ്യുതികണക്ഷൻ ലഭ്യമാക്കുന്നതിന് ലൈൻ വലിക്കൽ | 29678 | | |
| ഭൂജല വകുപ്പ് | 189/17 മാണിപ്പാറ, കയനി, ആനറ അംഗൻവാടികൾക്കും ഗാന്ധിനഗർ പട്ടിക വർഗ്ഗ സാസ്കാരിക നിലയത്തിനും കുഴൽകിണർ | 56,000 | ബിൽ നമ്പർ 96/16-17 /30-03-2017 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ.(എം.എസ്) 477/2010 /തസ്വഭവ 11-02-2010 | 1,46,79,000 | 44,48,012 | 21,14,486 | - | 23,33,526 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം:

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 7,37,50,286 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 7,09,88,012 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 17,254 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 9,400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 15,05,647 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|

| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
|---|---|---|---|
| 2-2 | 15,183 | -- | ശ്രീ.ബി.കെ.കേശവ, സെക്രട്ടറി |
| 2-3 | 2,071 | -- | |
| 3-1 | -- | 9,400 | |
| ആകെ | 17,254 | 9,400 | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകഃ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-4 | 75,060 | ഡോ. സെറിൻ ടി ചാക്കോച്ചൻ, മെഡിക്കൽ ഓഫീസർ, PHC |
| 3-5 | 56,000 | ശ്രീമതി. ധന്യ.യു.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 10,400 | ശ്രീ.ഉസ്മാൻ പള്ളിപ്പാത്ത്, ഹെഡ് മാസ്റ്റർ |
| 3-13(1) | 3,09,716 | ശ്രീമതി.ധന്യ.യു.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13(2) | 2,05,240 | ശ്രീമതി.ധന്യ.യു.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13(3) | 1,52,103 | ശ്രീമതി.ധന്യ.യു.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13(4) | 84,640 | ശ്രീമതി.ധന്യ.യു.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13(5) | 1,96,882 | ശ്രീമതി.ധന്യ.യു.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13(6) | 3,21,012 | ശ്രീമതി.ധന്യ.യു.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13(7) | 94,594 | ശ്രീമതി.ധന്യ.യു.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 15,05,647 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ

വിവരം:

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം:

| ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബി.കെ. കേശവ | സെക്രട്ടറി,<br>ഉളിക്കൽ ഗ്രാമപഞ്ചായത്ത് | പവിഴം, നള്ളിപ്പാടി,<br>കാസർഗോഡ് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.1/1392/15(2) തീയ്യതി:12-08-2015 | 1 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി.1/1392/15(3) തീയ്യതി:12-08-2015 | 4 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.1/1392/15(4) തീയ്യതി:12-08-2015 | 4 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.1/1392/15(5) തീയ്യതി:12-08-2015 | 6 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.1/1392/15(6) തീയ്യതി:12-08-2015 | 6 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി.1/1392/15(7) | 3 |

| | | |
|---|---|---|
| | തീയ്യതി:12-08-2015 | |
| 2010-11<br>2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.1/193/14<br>തീയ്യതി:04-07-2015 | 10 |
| 2012-13<br>2013-14 | കെ.എസ്.എ/കെ.എൻ.ആർ/സി.1/299/16<br>തീയ്യതി:09-03-2016 | 14 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.1/1439/16<br>തീയ്യതി:09-08-2016 | 18 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.4/2130/2016<br>തീയ്യതി: 02-02-2017 | 9 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

..

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.4/1635/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

ഫോൺ : 0497 2707698

ഇ മെയിൽ :doknr.ksad@kerala.gov.in

തീയ്യതി :05-10-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 215-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No.KSA/KNR/C4/1635/2017.

Kerala State Audit Department,

District Audit Office Kannur,

Phone:0497 2707698

E-mail: doknr.ksad@kerala.gov.in

Date: 05-10-2017.

Certified that I have audited the Annual Financial Statement of Ulikkal Grama Panchayat in Kannur District for the year ended on 31-03-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ulikkal Grama panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director,

District Audit Office, Kannur.

## അനുബന്ധം-2

# RECEIPT AND PAYMENT STATEMENT OF ULIKKAL GRAMA PANCHAYAT FOR THE PERIOD FROM 01-04-2016 TO 31-03-2017

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |

| | | | |
|---|---|---|---|
| | Bank<br>Cash | RP-40(a)<br>RP-40(a) | 12729906<br>133161 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1232880 |
| 140000000 | Fees & User Charges | RP-4 | 657580 |
| 150000000 | Sale & Hire Charges | RP-5 | 229657 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11836668 |
| 171000000 | Interest Earned | RP-9 | 67169 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 53426148 |
| 350000000 | Other Liabilities | RP-36 | 85492 |
| Non operating | | | |
| 180000000 | Other Income | RP-10 | 9 |
| 340000000 | Earmarked Fund | RP-29 | 61109 |
| 350000000 | Deposits Received | RP-34 | 365306 |
| 431000000 | Other Liabilities | RP-36 | 225907 |

| | | | |
|---|---|---|---|
| 460000000 | Sundry Debtors (Receivables) | RP-43 | 5165131 |
| 460000000 | Loans,Advances and Deposits | RP-47 | 397230 |
| Grand Total | | | 86613353 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3878423 |
| 220000000 | Administrative Expenses | RP-12 | 733643 |
| 230000000 | Operations & Maintenance | RP-13 | 568227 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3779639 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14399697 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1077785 |
| 253000000 | Decentralised Plan Programme- Projects not in Sector | RP-18 | 3569447 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 325680 |
| 255000000 | Maintance Projects | RP-20 | 7167255 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 20000 |
| 260000000 | Grants, Contributions & Compensations from Own Fund | RP-22 | 1000 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 632949 |
| 350000000 | Othes Liabilities | RP-36 | 5697245 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 1418 |
| 280000000 | Prior Perid Items | RP-26 | -49648 |
| 311000000 | Earmarked Funds | RP-29 | 25 |
| 330000000 | Secured Loans | RP-32 | 2114486 |
| 340000000 | Deposits Received | RP-34 | 254799 |
| 350000000 | Other Liabilities | RP-36 | 1788910 |
| 410000000 | Fixed Assets | RP-38 | 7029368 |
| 412000000 | Capital Work in Progress | RP-40 | 17545414 |
| 460000000 | Loans, Advances and Deposits | RP-47 | 452250 |
| | Closing Balance | | |

| | | | |
|---|---|---|---|
| | Bank<br>Cash | RP-40(b)<br>RP-40(b) | 15481235<br>144106 |
| Grand Total | | | 86613353 |

## അനുബന്ധം-3

# INCOME AND EXPENDITURE STATEMENT OF ULIKKAL GRAMA PANCHAYAT FOR THE PERIOD FROM 1-4-2016 TO 31-3-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4995530 |
| 130000000 | Rental Income from panchayat properties | I-3 | 495020 |
| 140000000 | Fees & User Charges | I-4(b) | 820030 |
| 150000000 | Sale & Hire Charges | I-5(b) | 271657 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 120918443 |
| 171000000 | Interest Earned | I-8 | 67169 |
| 180000000 | Other Income | I-9 | 14749 |
| A | Total Income | | 127582598 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11353549 |
| 220000000 | Administrative Expenses | I-11(b) | 733643 |
| 230000000 | Operations & Maintenance | I-12(b) | 568227 |
| 240000000 | Interest & Finance Charges | I-13 | 1418 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 5474790 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 34520869 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-<br>Infrastructure Sector | I-14(b) | 1768557 |
| 253000000 | Decentralised Plan Programme-<br>Projects not in Sector | I-14(c) | 3569447 |
| 254000000 | Expen.of Transferrred Institutions &<br>State Spon. Schems | I-14(d) | 60534055 |
| 255000000 | Maintance Projects | I-14(e) | 6476483 |
| 256000000 | Other Revenue Grants and Funds-<br>Revenue Expenses | I-15(a) | 20000 |
| 260000000 | Grants, Contributions & Compensations From Own Fund | I-15 | 1000 |
| 272000000 | Depreciation | I-17(a) | 3147368 |
| B | Total Expenditure | | 128169406 |
| C=A-B | Gross Surplus/Defict Income over Expenditure | | -586808 |
| D=<br>280000000 | Prior Period Item | I-18 | -866478 |
| E=C-D<br>290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 279670 |
| | Net Balance being Surplus/<br>Defict carried over to<br>Balance Sheet (Panchayat Fund) | | |

# അനുബന്ധം-4

# BALANCE SHEET OF ULIKKAL GRAMA PANCHAYAT AS ON 31-3-2017

| Code No. | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 7413536.3 |
| 311000000 | Earmarked Funds | B-2 | 61084 |
| 312000000 | Reserves | B-3 | 91340773 |
| | Total Reserve & Surplus | | 98815393.3 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds, Contributions for specific purposes | B-4 | 2705027 |
| | Total Grants,Contribution for specific purposes | | 2705027 |
| | Loans | | |
| 330000000 | Secured Loans | B-5 | 2333526 |
| | Total Loans | | 2333526 |

| | | | |
|---|---|---|---|
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 916305 |
| 341000000 | Deposit Works | B-8 | 2000 |
| 350000000 | Other Liabilities | B-9 | 1044831.7 |
| | Total Current Liabilities and Provisions | | 1963136.7 |
| | TOTAL LIABILITIES | | 105817083 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 103702530 |
| 411000000 | Accumulated Depreciation | B-11 | -20808022 |
| 412000000 | Capital Work In Progress | B-11(a) | 2135269 |
| | Total Fixed Assets | | 85029777 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 2052569 |
| 440000000 | Pre-Paid Expenses | B-16 | 2333526 |
| 450000000 | Cash and Bank balance | B-17 | 15625341 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 775870 |
| | Total Current Assets, Loans and Advances | | 20787306 |
| | TOTAL ASSETS | | 105817083 |